Press Release

**Fr. Paul Thelakat**
Spokesperson
Syro-Malabar Synod
Ph: Off: 2401635, 2402548, Res: 2352906, 2352629
Mob : 93870 74506

*09 ഫെബ്രുവരി, 2015*

# മൂന്നു മേജർസെമിനാരികളിൽ പുതിയ റെക്ടർമാർ


ഫാ.ജോയ് ഐനിയാടൻ


ഫാ. മാത്യു ഇല്ലത്തുപറമ്പിൽ


ഫാ. മാണി ആട്ടേൽ

മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയ്ക്ക് ഫാ. മാത്യു ഇല്ലത്തുപറമ്പിലും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയ്ക്ക് ഫാ. ജോയ് ഐനിയാടനും കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയ്ക്ക് ഫാ. മാണി ആട്ടേലും പുതിയ റെക്ടർമാരായി നിയമിക്കപ്പെട്ടിരിക്കുന്നു. ഇവരെ നിയമിച്ചുകൊണ്ടുള്ള നിയമനപത്രികകൾ അതതു സെമിനാരികൾക്കായുള്ള സിനഡൽ കമ്മീഷൻ ചെയർമാൻമാർ ബന്ധപ്പെട്ട സെമിനാരികളിൽ ഫെബ്രുവരി 9 തിങ്കളാഴ്ച 4 മണിയ്ക്ക് പ്രസിദ്ധപ്പെടുത്തി.

മംഗലപ്പുഴ സെമിനാരി റെക്ടറായി നിയമിതനായിരിക്കുന്ന ഫാ. മാത്യു ഇല്ലത്തുപറമ്പിൽ പാലക്കാട് രൂപതയിൽ നിന്നുള്ള വൈദികനാണ്. ബെൽജിയം ലുവൈൻ യൂണിവേഴ്സിററിയിൽ നിന്നും ധാർമിക ദൈവശാസ്ത്രത്തിൽ ഡോക്ടറേററ് നേടി 2003 മുതൽ മംഗലപ്പുഴ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച് വരികെയാണ് പുതിയ നിയമനം. ഇപ്പോഴത്തെ റെക്ടർ ഫാ. ആന്റണി നരികുളം കാലാവധി പൂർത്തിയാക്കി വിരമിക്കുന്ന അവസരത്തിലാണ് പുതിയ റെക്ടറായി ഫാ. ഇല്ലത്തുപറമ്പിൽ നിയമിതനായിരിക്കുന്നത്.

വടവാതൂർ സെമിനാരി റെക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോയ് ഐനിയാടൻ എറണാകുളം - അങ്കമാലി അതിരൂപതാംഗമാണ്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ നിന്നും തത്വശാസ്ത്രത്തിൽ ഡോക്ടറേററ് എടുത്ത ഫാ. ഐനിയാടൻ 2001 മുതൽ വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച് വരുന്നു. ഇപ്പോഴത്തെ റെക്ടർ ഫാ. അലക്സ് താരാമംഗലം കാലാവധി പൂർത്തിയാക്കി വിരമിക്കുന്ന അവസരത്തിലാണ് ഫാ. ഐനിയാടൻ തത്സ്ഥാനത്ത് നിയമിതനായിരിക്കുന്നത്.

കുന്നോത്ത് മേജർ സെമിനാരി റെക്ടർ ഫാ.മാണി ആട്ടേൽ തലശ്ശേരി അതിരൂപതാംഗമാണ്. കഴിഞ്ഞ മൂന്നു വർഷമായി ഇതേ സെമിനാരിയിൽ റെക്ടറായി സേവനം അനുഷ്ഠിച്ചു വരുന്ന ഫാ. ആട്ടേലിന്റെ സേവനകാലാവധി അഞ്ചുവർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ടാണ് പുതിയ നിയമനം. മദ്രാസ് യൂണിവേഴ്സിററിയിൽ നിന്നും മലയാളഭാഷാ പഠനത്തിൽ ഡോക്ടറേററും തുടർന്ന് മാർ ജോസഫ് കരിയാററിയുടെ വേദതർക്കം ആസ്പദമാക്കി ബിരുദാനന്തര ഗവേഷണവും ഫാ. ആട്ടേൽ നടത്തിയിട്ടുണ്ട്.

Fr Paul Thelakat

**ഫാ. പോൾ തേലക്കാട്ട്**
ഔദ്യോഗിക വക്താവ്
സീറോ-മലബാർ സിനഡ്

എറണാകുളം
09-01-2015